**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1686** **11-09-2023 - ൽ മറുപടിയ്ക്ക്**

**അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.വി.സുമേഷ്** | | **ശ്രീ. അഹമ്മദ് ദേവർകോവിൽ<br>(തുറമുഖം, മ്യൂസിയം, പുരാവസ്തു, പുരാരേഖ വകുപ്പ് മന്ത്രി)** | |
| (എ) | അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ പൈപ്പ്ലൈൻ സ്ഥാപിക്കുന്നതിന് 2022-23 ലെ ബജറ്റ് വിഹിതത്തിൽ അനുവദിച്ച തുക പ്രകാരമുള്ള പ്രവൃത്തിയുടെ പുരോഗതി അറിയിക്കുമോ; | (എ) | അഴീക്കൽ തുറമുഖത്ത് കപ്പലുകൾക്കാവശ്യമായ ശുദ്ധജല വിതരണത്തിനായി വാട്ടർ അതോറിറ്റിയുടെ പ്രത്യേക പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിന് തുക നിക്ഷേപിച്ചെങ്കിലും പണി ആരംഭിച്ചിട്ടില്ല. 2021 ൽ ജി.എസ്.ടി-ൽ ഉണ്ടായ വർദ്ധനവുകാരണം എസ്റ്റിമേറ്റ് കണക്കാക്കിയപ്പോൾ അടങ്കൽ തുക 2 കോടി രൂപയിൽ കൂടുതലായതിനാലാണ് പണി ആരംഭിക്കാത്തത്. പുതുക്കിയ നിരക്കിലുള്ള പ്രൈസ് സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ എസ്റ്റിമേറ്റും പ്രൊപ്പോസലും തയ്യാറാക്കി സമർപ്പിക്കുവാൻ കണ്ണൂരിലെ കേരള വാട്ടർ അതോറിറ്റി എക്സിക്യൂട്ടീവ് എഞ്ചിനീയറോട് ആവശ്യപ്പെട്ടിരിക്കുകയാണ്. |
| (ബി) | വാട്ടർ അതോറിറ്റിയുമായി കരാറിൽ ഏർപ്പെട്ട് പ്രവൃത്തി ആരംഭിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ; | (ബി) | ആരംഭിച്ചിട്ടില്ല. |
| (സി) | പ്രവൃത്തി വേഗത്തിൽ പൂർത്തീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (സി) | പ്രവൃത്തി അടിയന്തിരമായി ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ